# കൂദാശ് ഈത്താ തിരുന്നാൾ ഗീതങ്ങൾ.

Printed at the
Mar Narsai Press, Trichur.

1955. *Price 1 A.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കൂദാശ് ഈത്താ തിരുനാൾ ഗീതങ്ങൾ.

(സുറിയാനിയിൽനിന്നു് പരിഭാഷപ്പെടുത്തിട്ടു്.)

(ഇന്നെയോളം ഉണർച്ചോനെ എന്ന രീതി.)

1. സ്തുതിഗീതങ്ങളാൽ ഞങ്ങൾ
നിൻ ആലയം തന്നിൽ
പ്രവേശിച്ചാർത്തു പാടിടും
നിൻ ശുദ്ധസ്ഥലത്തിൽ.

2. കർത്താവിന്റെ മഹിമയോ
വാഴ്ത്തപ്പെട്ടതല്ലോ
സ്വർഗ്ഗാധി സ്വർഗ്ഗവും കൂടി
നിറഞ്ഞവനൊ നീ.

3. ആരാധിച്ചീടുന്നു നിന്നെ
കുമ്പിടും നിൻ മുമ്പിൽ
ഉന്നതം തന്നിലുള്ളോരാം
മാലാകന്മാരെല്ലാം.

4. നിൻ ആലയത്തിലുള്ളോരാം
ജനങ്ങളെല്ലാരും
പാടി സ്തുതികളുയർത്തും
വിശേഷഗാനത്താൽ.

5. സ്വർഗ്ഗീയ ഭണ്ഡാരമതും
സ്വർഗ്ഗീയ സമ്പത്തും
നിന്റെ സഭയ്ക്കുവയെല്ലാം
കൈവശമല്ലയോ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



6. വിശ്വസിക്കുന്നു നിൻ സഭ
ശ്ലൈല്പിക്കപ്പെട്ടതാം
വിശുദ്ധ രഹസ്യങ്ങളും
ദൃഷ്ടാന്തങ്ങളെല്ലാം,

7. പുത്തനിയമ പുസ്തകം
സ്ലീവയാം മുദ്രയും
വിശുദ്ധ രഹസ്യങ്ങളും
മഹത്വമുള്ളതാം,

8. അഴിയാ നിത്യ ജീവനും
പുനരുത്ഥാനവും
വാഗ്ദത്തം ലഭിച്ചവളാം
നിൻ മണവാട്ടിയെ,

9. അലങ്കരിക്കുക വേഗാൽ
നിന്തിരു ശോഭയാൽ,
വാഗ്ദത്തം ലഭിച്ചവളെ
എന്നാത്മാവതിനെ.

10. സുദൃഢ സത്യവിശ്വാസം
ഏറ്റുപറയുന്നേൻ
നല്കീടുക നിൻ കാരുണ്യം
പകരമതിനും.

11. ആട്ടിൻകൂട്ടമതിനുടെ
നീരൊഴുക്കായിട്ടും
ആരാധ്യമാം വാസസ്ഥലം
ആകുന്നു നിൻ സഭ.

12. സത്യ ഇടയൻ മ്ശിഹായെ,
സഭയിൻ ജീവനെ,

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഉറപ്പിക്ക കരുണയാൽ
കാക്കുക കൃപയാൽ.

13. വലിയ മഹത്വമതിൻ
രാജാവായുള്ളോവെ,
നല്കിയോരാ ജീവരക്തം
മറവിലയായി,

14. വാങ്ങിയതാം സ്ലീവായതിൻ
അടയാളമതാൽ
മുദ്രയിട്ടിടുകാവരെ
നിന്നുടെ കൃപയാൽ,

(എന്നാത്മാവെ വാഴ്ത്തുക എന്ന രീതി.)

15. ആനന്ദത്താൽ പാടിടുന്നു
മണവാട്ടി സഭയും
അവരും മക്കളും അധരങ്ങളും
സ്തുതികൾ പാടിടുന്നു,
തന്നെ അലങ്കരിച്ചോനാം
ഈശോരാജാവിന്നിതാ
ദൈവസഭ ഇന്നേ ദിനം
പുകഴ്ത്തുയർത്തുന്നു.

16. രക്ഷചെയ്യവരുംകൾ താനും
രക്ഷയിൻ സ്ലീവയതാൽ
രക്ഷക്കായുയർത്തി താനും
രക്ഷയിൻ കോട്ടയേയും
ഭക്ഷണമായ് നല്കി തന്റെ
അക്ഷയ ശരീരവും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആത്മീക പാനീയമായി
നല്കി തിരുരക്തവും.

17. ആത്മീക നന്മകളാലെ
അലങ്കരിച്ചവളെ,
നാനാ അതിരുകളിലായ്
സ്ഥാപനം ചെയ്തവളെ,
സഭയും തൻ മക്കളെല്ലാം
ഒന്നായാർത്താനന്ദിക്കും
മ്ശിഹാരാജാവിനെന്നുമെ
സ്തുതിഗീതം പാടീടും,

18. ആനന്ദിക്ക അലംകൃത
മണവാട്ടീ സഭയെ,
ആനന്ദിക്ക സന്തോഷത്താൽ
നിൻ മണവറതന്നിൽ
നിന്റെ മക്കൾ കൂട്ടമെല്ലാം
ഉയർത്തുന്നു സ്തുതികൾ
നിൻ ആലയത്തിൽ വസിച്ച
ഉന്നതമാം ശക്തിയും.

19. ആയതിനാൽ ഇന്നുമെന്നും
രക്ഷിക്കപ്പെട്ടീടുന്നു.
വഞ്ചകൻതൻ തന്ത്രമതിൽ
നിന്നു തൻ കൃപയാലെ,
ജീവരക്തം മറവില
നല്കി വാങ്ങിയതാം നിൻ
സഭയിലാവസിപ്പിക്ക
നിന്നുടെ സമാധാനം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

20. സ്ഥിരപ്പെടുത്തീടുക നിൻ
പട്ടക്കാരെല്ലാരെയും,
അനുഗ്രഹിച്ചീടുക നിൻ
മക്കളെല്ലാവരെയും,
കാത്തു സൂക്ഷിച്ചീടേണമെ
ദുഷ്ടനിൽനിന്നുമെന്നും
മണവറതന്നിലേക്കായ്
യോഗ്യരാക്കീടുകെന്നും.

(ഇന്നെയോളം തുണച്ചോനെ എന്ന രീതി.)

21. കർത്താവെ നീ കാക്കേണമെ
സഭയിൻ മക്കളെ
സാത്താനുടെ ഡംഭിൽനിന്നും
തന്ത്രങ്ങളിൽനിന്നും.

22. കർത്താവിന്നാജ്ഞ ഹാ പത്രോസ്
ചെന്നു ചൂണ്ടലിട്ട്
സമുദ്രത്തിൽനിന്ന് ദ്രഹ്മ
പണം പിടിച്ചല്ലോ.

23. കർത്താവെ യുദ്ധക്കളത്തിൽ
ജയിപ്പാൻ സാത്താനെ
നിൻ സഹായമാം ദ്രഹ്മയെ
ഞങ്ങൾക്കയക്കണെ.

24. സത്യ ഇടയൻ മ്ശീഹായെ
ക്രൂശിനാൽ കാക്കേണം
നിന്നിൽ ആശിച്ചാശ്രയിക്കും
നിൻ തിരുസഭയെ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



25. സർവ്വത്തിന്നും കർത്താവെ നീ
നിൻ വലങ്കൈ നീട്ടി
സഭക്കുണ്ടാം ഉപദ്രവം
മാററി നീക്കേണമെ.

26. നിൻതണലിൽ കാക്കപ്പെടും
നിൻ സഭയ്ക്കായ് നിത്യം
നിൻ സമാധാനം സ്ഥാപിച്ച്
കാത്തുകൊള്ളേണമെ.

27. ജീവനുള്ളതാം രക്തത്താൽ
ലോകത്തെ രക്ഷിച്ച
സത്യ ഇടയൻ മ്ശിഹായെ
സഭയ്ക്കാശ്രയം നീ.

28. മ്ശിഹായെ നിന്നെ നിൻ സഭ
കാത്തിരിക്കുന്നിതാ
നിൻ കരുണയാലവളെ
ശുദ്ധീകരിക്കണെ

29. തിരഞ്ഞെടുക്കപ്പെട്ടതാം
ഈ ദൈവാലയത്തിൽ
കർത്താവെ നിൻ മാഹാത്മ്യം
ആവസിപ്പിക്കണെ.

30. കർത്താവിന്റെ ജീവിപ്പിക്കും
ശക്തി തന്നാലയെ
വന്ന് വസിച്ചിട്ടതിനെ
ശുദ്ധീകരിക്കണെ.

31. തൻ വരവിനാൽ സഭയെ
ഉയർത്തിയ മ്ശിഹാ

www.TheCMSIndia.org

ഞങ്ങൾ തൻ രാജൻ രക്ഷകൻ
പാടീടുന്നു ഞങ്ങൾ.

32. ലോകത്തിൻ നാനാ ഭാഗത്തും
ശ്ലീഹായ്ക്കു പാടുന്നു,
സഭകൾ സ്തുതിപാടുന്നു,
വാഴ്ത്തിപ്പുകഴ്ത്തുന്നു.

33. ഉന്നതത്തിൽ മാലാഖരും
താഴെ മനുഷ്യരും
മോദാൽ പാടും ബാവാപുത്രൻ
റൂഹാദ്കുദ്ശാ സ്തുതി.

34. വാഞ്ഛിക്കും ഞങ്ങൾ, കർത്തനെ
സഭയിൽ സ്തുതിപ്പാൻ.
ശാന്തി, സമാധാനം, ശുഭം,
സഭക്കേകേണമെ.

35. സമാധാനം സഭാമക്കൾ
ക്കുള്ളിൽ വസിപ്പാനും
കലഹക്കാരൻ സാത്താനെ
ജയിപ്പാനും കൃപ

36. സാനന്ദം ഞങ്ങൾ സ്നേഹത്തിൽ
ജീവിതം നയിച്ച്
മഹത്വ മണവറയിൽ
പ്രവേശിക്കേണമെ.

37. നിൻ സ്നേഹത്തിന്നാലയമാം
സഭയെകാക്കണെ
നിത്യശാന്തി ഐകമത്യം
സ്നേഹമെന്നിവയിൽ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



38. ശത്രു സാത്താനിൽനിന്നു് നീ
സഭയെ കാക്കേണം,
പ്രാർത്ഥനയാം ധൂപം സദാ
സ്വീകരിക്കേണമെ.

39. ബാവാപുത്രൻ റൂഹാദ്കുദ്ശാ
ആരാധ്യ ത്രിത്വമെ
സന്ധ്യാ പ്രഭാതങ്ങളിലായ്
അങ്ങെ സ്തുതിക്കുന്നു.

40. തെററിൽ നിന്നു് സഭയെ ത്രിത്വം
ഒന്നിച്ചു ചേർക്കയും
അശുദ്ധിയെ പോക്കി നന്നായ്
ശുദ്ധീകരിക്കയും.

41. സഭയെ ശുദ്ധതയുടെ
ഒരൊഴുക്കാക്കയും
എല്ലാവർക്കും അഭയം താൻ
ആക്കുകയും ചെയ്തു.

42. സർവ്വത്തിന്നും സൃഷ്ടികർത്താ
മഹത്വ രാജാവെ!
നീതിയുടെ, സത്യത്തിന്റെ
മണവാളനുമേ,

43. നിന്നിൽ സഭ സന്തോഷിക്കും
ആനന്ദിക്കുമെന്നും
തെററിൻനുകത്തിൽ നിന്നു നീ
സഭയെ രക്ഷിച്ചു.

44. സൌഖ്യത്തിന്നുറവ സഭ
സർവ്വമനുഷ്യർക്കും.

www.TheCMSIndia.org

സഭയ്ക്കായ് സ്വർഗ്ഗരാജ്യമാം
മണവറ നല്കി.

45. വാക്കിന്നതീതം സ്വർഗ്ഗമാം
മഹാഭാഗ്യമതും
ആസ്വദിപ്പാനായ് സഭയെ
ക്ഷണിച്ചിരിക്കുന്നു.

## പള്ളിയിലേക്കു പ്രവേശിക്കുമ്പോൾ.

(സോദരർ ഐകമത്യം എന്നരീതി)

46. രാജൻ മിശിഹാതൻസ്ലീവാ—കാൺകാ
ആലയവാതിലുകളെ,
നിങ്ങൾ തലയുയർത്തി സ്ലീവായോടുള്ളകൂട്ടം
കടപ്പാനനുജ്ഞനല്കുക.

47. ദിവ്യരക്ഷകൻ, പുത്രനെ—ഞങ്ങൾ
ആരാധിച്ചു പുകഴ്ത്തട്ടെ.
പാവനമാം സ്ലീവാ തൻ ശ്രേഷ്ഠാധികാര—
ങ്ങൾ പാടിടട്ടെ ഞങ്ങൾ.

48. ദൈവാലയതണലിൻ—കീഴെ
തേടുന്നു അഭയം ഞങ്ങൾ
പാപത്താൽ കലങ്ങും സമുദ്രത്തിൽ വലയും ഞ
ക്കാലയം തുറമുഖമാം. [ങ്ങൾ—

49. കർത്താവെ കാരുണ്യവാതിൽ—തുറക്ക
അനുതപിക്കും പാപികൾക്കായ്
നിൻ വിശുദ്ധാലയമൊഴികെയവർക്കു മറ്റൊ—
രഭയസ്ഥാനമേതുണ്ടാകും?

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



50. കർത്താവേ! ഉയർത്തണമെ—കോട്ട
വിശ്വസ്ഥയാം നിൻ സഭയ്ക്കായ്,
ദുഷ്ടനാംശത്രുവിൻതന്ത്രങ്ങളെയെല്ലാംനശിപ്പി-
ച്ചവനെ ലജ്ജിപ്പിക്കേണമെ.

51. ജീവൻ നല്കുന്ന വിശുദ്ധ—നാമത്തെ
വാഴ്ത്തിപ്പുകഴ്ത്തിടുവാനായ്
സഭയിൻ പട്ടക്കാർ ശമ്മാശന്മാർ ഗുരുക്കന്മാർ-
ഇവർ ഗണമായ്സ്ഥിരം നില്ക്കണേ.

52. പെട്ടകത്തോടു സദൃശം—ആലയം,
മദ്ബ്ഹാ ദൈവസിംഹാസനം,
ശ്ലീഹായെ സ്വർഗ്ഗത്തിൽസേവിക്കും അർദ്യക്കോസ്
ഗണങ്ങൾക്കാക്കുംവൈദികർ [മാലാകന്മാർ-

53. പളുങ്ക്, നീലക്കല്ല്, യസ്പി-ക്കല്ലെന്നിവയാൽ
പണിതീർത്തു ആലയം, അതിൻ,
പത്രോസ്, പൗലൂസ്, തിയോദോറോസ്;
[നിസ്തോറിസ്
എന്നിവർകൾ സമർത്ഥശില്പികൾ ദിവ്യന്മാർ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS